**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 219** **14-02-2024 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളുടെ വിതരണം തടസ്സപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ വരുത്തിയ കാലതാമസം കാരണം സ്കോളർഷിപ്പ് കുടിശ്ശിക വരുവാൻ കാരണമായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള തുക വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു. ഇപ്രകാരം 2022-23, 2023-2024 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽ നിന്ന് അപ്രൂവൽ നൽകിയ പട്ടികജാതി വിദ്യാർത്ഥികളുടെ ക്ലെയിമുകൾക്ക് ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ 145.19കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ക്ലെയിമുകൾക്ക് ആവശ്യമായ അധിക തുക അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി. ഈ തുക അനുവദിച്ച് വരുന്നു. അധികമായി ആവശ്യം വരുന്ന തുക റീ അപ്രോപ്രിയേഷൻ/അഡീഷണൽ |

| | | | |
|---|---|---|---|
| | | | ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള തുടർനടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (ബി) | 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ വരുത്തിയ കാലതാമസം കാരണം സ്കോളർഷിപ്പ് കുടിശ്ശിക വരുവാൻ കാരണമായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള തുക വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു. ഇപ്രകാരം 2022-23, 2023-2024 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽ നിന്ന് അപ്രൂവൽ നൽകിയ പട്ടികജാതി വിദ്യാർത്ഥികളുടെ ക്ലെയിമുകൾക്ക് ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ 145.19കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ക്ലെയിമുകൾക്ക് ആവശ്യമായ അധിക തുക അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി. ഈ തുക അനുവദിച്ച് വരുന്നു. അധികമായി ആവശ്യം വരുന്ന തുക റീ അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള തുടർനടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | സ്കോളർഷിപ്പ് വിതരണം പുന:രാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സ്കോളർഷിപ്പ് വിതരണം നിറുത്തിവച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പുനരാരംഭിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ